**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 96** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഉപാധിരഹിത പട്ടയം നൽകാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കൃഷി ഭൂമിയിന്മേൽ കർഷകന് ഉപാധികളില്ലാത്ത ഉടമസ്ഥാവകാശം നൽകുകയെന്ന ലക്ഷ്യത്തോടെ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നടപടികൾ എന്തൊക്കെ; വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിലുള്ള പ്രധാന ഭൂനിയമങ്ങളിൽ അധികവും അരനൂറ്റാണ്ടിലേറെ പഴക്കമുള്ളതാണ്. കാലാനുസൃതമായ ഭൂവിനിയോഗത്തിലെ മാറ്റം പരിഗണിച്ചുകൊണ്ട് സമഗ്രമായ പരിഷ്കരണം ആവശ്യമാണ്. നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുകയോ സമഗ്രമായ നിയമ നിർമാണം കൊണ്ട് വരുകയോ അനിവാര്യമാണ്. കാലങ്ങളായി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന കർഷകർക്ക് പട്ടയം ലഭിക്കുന്നത് തടയുന്ന പ്രശ്നങ്ങളിൽ നിലനിൽക്കുന്നുണ്ട്. നിസ്സാര കാരണങ്ങളിന്മേൽ കൃഷിഭൂമിയിൽ നിന്ന് കർഷകരെ ഇറക്കിവിടുന്നതിനുള്ള ശ്രമങ്ങൾക്ക് ശാശ്വത പരിഹാരമായി "ഉപാധികളില്ലാത്ത ഉടമസ്ഥാവകാശം" (പട്ടയങ്ങൾ) എന്ന ആശയം സർക്കാർ പരിശോധിച്ച് വരികയാണ്.

ഭൂസംബന്ധമായ എല്ലാ നിയമങ്ങളും പുന:പരിശോധിക്കുന്നതിനായി സർക്കാർ ഒരു കമ്മീഷൻ രൂപീകരിക്കുന്നതും അതിന്റെ ശിപാർശയിന്മേലും ചർച്ചയിന്മേലും പൊതു മുതൽ സംരക്ഷിക്കുന്നതിനും ഭൂമിയുടെ വിതരണത്തിൽ നീതി ഉറപ്പാക്കുന്നതിനും വ്യാവസായികവും സാമ്പത്തികവുമായ വികസനത്തെ പരിപോഷിപ്പിക്കുന്നതിനുമായി ഭൂനിയമങ്ങളെ പരിഷ്കരിക്കുന്നതും സർക്കാർ പരിശോധിക്കുന്നതാണ്.

**(ബി)** നിസ്സാര കാരണങ്ങളാൽ കർഷകർ കൃഷിഭൂമിയിൽ നിന്ന് പുറന്തള്ളപ്പെടുന്ന ദുര്യോഗത്തിന് ശാശ്വത പരിഹാരമെന്ന നിലയിൽ ഉപാധിരഹിത പട്ടയങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ദശാബ്ദങ്ങളായി തങ്ങൾ കൃഷി ചെയ്തു വരുന്ന ഭൂമിയിൽ കർഷകർക്കുള്ള അവകാശരേഖയായ പട്ടയം ലഭിക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണവും നിയമഭേദഗതികളും പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ വനം-റവന്യൂ ജോയിന്റ് വെരിഫിക്കേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പൂർത്തീകരിച്ചിട്ടില്ല. നടപടികൾ സ്വീകരിച്ചു വരുന്നു.

**(ഇ)** തോട്ടം മേഖലയിൽ ഭൂവിനിയോഗത്തിന് നിലവിലുള്ള നിയന്ത്രണങ്ങളിൽ കാലികമായ പരിഷ്കരണവും തോട്ടഭൂമിയുടെ ഫലപ്രദമായ വൈവിധ്യവൽക്കരണവും ലക്ഷ്യമിട്ട് നിയമ ഭേദഗതിക്ക് തയ്യാറാകുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** തോട്ടം മേഖലയുടെ വൈവിധ്യ വൽക്കരണത്തിന്റെ ഭാഗമായി തോട്ടം ഭൂമിയിൽ മറ്റു വിളകൾ കൃഷിചെയ്യുന്നതിനും തോട്ടം ഇതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനും തോട്ടം മേഖലയിൽ ഭൂവിനിയോഗത്തിന് നിലവിലുള്ള നിയന്ത്രണങ്ങൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും തോട്ട ഭൂമിയുടെ സ്വാഭാവിക തരം സംരക്ഷിച്ചുകൊണ്ട് വൈവിധ്യം അനുവദിക്കുന്നതിന് ഭേദഗതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ വിവിധ തലങ്ങളിലെ ചർച്ചകൾക്ക് ശേഷം സർക്കാർ പരിശോധിക്കുന്നതാണ്.

ഭൂസംബന്ധമായ എല്ലാ നിയമങ്ങളും പുനഃപരിശോധിക്കുന്നതിനായി ഒരു കമ്മീഷൻ രൂപീകരിക്കുന്നതാണ്. അതിന്റെ ശിപാർശയിന്മേലും വിശദമായ ചർച്ചയിന്മേലും പൊതുമുതൽ സംരക്ഷിക്കുന്നതിനും ഭൂമിയുടെ വിതരണത്തിൽ നീതി ഉറപ്പാക്കുന്നതിനും വ്യാവസായികവും സാമ്പത്തികവുമായ വികസനത്തെ പരിപോഷിപ്പിക്കുന്നതിനുമായി ഭൂനിയമങ്ങളെ പരിഷ്കരിക്കുന്നത് സർക്കാർ പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**